# നാഥാ, അവിടുത്തെ വഴി എന്നെ പഠിപ്പിച്ചാലും!

ഇസ്കന്തർ ജദീദ്

പി.ബി. നമ്പർ 45
കായംകുളം-കേരള

**NATHA, AVIDUTHE VAZHI ENNE PADIPPICHALUM**
Teach Me Your-Way, O Lord!
(Malayalam)

by
**Iskander Jadeed**

All rights reserved

First Edition: 1990

Edition: March 2006

Copies: 5000

Published by

P.B. No. 45
Kayamkulam - 690 502
Kerala.

Printed at
P.P. George & Sons,
Angamaly - 683 572.
Ph: 0484 - 2456719

# നാഥാ, അവിടുത്തെ വഴി എന്നെ പഠിപ്പിച്ചാലും:

### ഭാഗം - 1

**ചോദ്യങ്ങൾ:**

*അല്ലാഹുവിനാൽ തിരഞ്ഞെടുക്കപ്പെട്ട മതമെന്ന നിലയിൽ ഇസ്ലാമിനെയാണ് അല്ലാഹു തൻെറ ആരാധകർക്ക് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ മറ്റ് മതങ്ങളും ധാരാളമുണ്ടല്ലോ. അക്കൂട്ടത്തിൽ ഇസ്ലാമിനേക്കാളും ഉത്തമമായ ഏതെങ്കിലും മതമുണ്ടോ? "അല്ലാഹുവിന് സ്വീകാര്യമായ മതം ഇസ്ലാം മതമാണെന്ന അല്ലാഹുവിൻെറ വചനത്തെപ്പറ്റി താങ്കളെന്ത് പറയുന്നു?*

ഏ.ജി. മൊറോക്കൊ

"ഇസ്ലാംമതത്തിൻെറ ആത്മാവ്" എന്ന പുസ്തകത്തിൽ മഹാനായ പണ്ഡിതൻ അഫീഫ് തബ്ബാറ, 'സലീമ' എന്ന മൂല പദത്തിൽ നിന്നാണ് 'അൽഇസ്ലാം' എന്ന വാക്ക് ഉത്ഭവിച്ചത് എന്ന് പറയുന്നുണ്ട്. അദ്ദേഹം അതിന് താഴെപ്പറയുന്ന അർത്ഥങ്ങൾ നല്കുന്നു: (1) പ്രത്യക്ഷമോ, പരോക്ഷമോ ആയ പിഴവുകളിൽ നിന്നുള്ള മോചനവും സ്വാതന്ത്ര്യവും, (2) അനുരഞ്ജനവും സുരക്ഷിതത്വവും, (3) അനുസരണവും സമർപ്പണവും എന്നിവയാണതിൻെറ അർത്ഥങ്ങൾ. (The Spirit of Islamic Religion P. 17).

ആത്മീകാർത്ഥത്തിൽ അബ്ദുല്ലയുടെ മകൻ മുഹമ്മദ് പ്രചരിപ്പിച്ച മതത്തെ മാത്രമല്ല ദൈവത്തിൻെറ ഏകത്വത്തെ പ്രഖ്യാപിക്കുന്ന എല്ലാ സ്വർഗ്ഗീയമതങ്ങളെയും അദ്ദേഹം വിവക്ഷിക്കുന്നുണ്ട്. ഖുർ-ആൻ തന്നെ ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നത് നോക്കുക:

مَا كَانَ إِبْرَاهِيمُ يَهُودِيًّا وَلَا نَصْرَانِيًّا وَلَٰكِن كَانَ
حَنِيفًا مُّسْلِمًا وَمَا كَانَ مِنَ الْمُشْرِكِينَ ٦٧

“അല്ല, ഇബ്രാഹീം സത്യത്തിൽ ജൂതനോ ക്രിസ്ത്യാനിയോ ആയിരുന്നില്ല; മറിച്ച് ഒരു മുസ്ലീമും പരിശുദ്ധമായ വിശ്വാസത്തോടുകൂടിയവനും ആയിരുന്നു. നിശ്ചയമായും അദ്ദേഹം വിഗ്രഹാരാധകനായിരുന്നില്ല [സൂറാ 3 (ആലുഇംറാൻ): 67].

മുസ്ലീം കാലഘട്ടത്തിനും ആയിരക്കണക്കിന് വർഷം മുമ്പാണ് അബ്രാഹം ജീവിച്ചതെന്ന് എല്ലാവർക്കുമറിയാം. എന്നാലും ഖുർ ആൻ അദ്ദേഹത്തെ മുസ്ലീമായി ഗണിക്കുന്നു. ദൈവം ഏകനാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു എന്നതാണിതിന് കാരണം. ജലാലൈനി ഈ സൂക്തത്തെ ഇപ്രകാരം വ്യാഖ്യാനിക്കുന്നു. ‘ഇബ്രാഹിം മറ്റെല്ലാ മതങ്ങളിൽ നിന്നും പിന്തിരിയുകയും ദൈവത്തിൻെറ ഏകത്വത്തിൽ വിശ്വസിച്ചുകൊണ്ട് ശരിയായ വിശ്വാസം (ഒരു മുസ്ലീമിനെപ്പോലെ കൈക്കൊള്ളുകയും ചെയ്തു. കാരണം അദ്ദേഹം വിഗ്രഹാരാധകനായിരുന്നില്ല.

അതുപോലെത്തന്നെ, തൗറാത്തിൻെറ അനുയായികളായ യഹൂദന്മാർക്കും “ഇസ്ലാം” ബാധകമാണെന്ന ഖുർ ആൻ വാക്യങ്ങൾ സൂചിപ്പിക്കുന്നു.

يَحْكُمُ بِهَا النَّبِيُّونَ الَّذِينَ أَسْلَمُوا لِلَّذِينَ
هَادُوا وَالرَّبَّانِيُّونَ وَالْأَحْبَارُ بِمَا اسْتُحْفِظُوا مِن كِتَابِ
اللَّهِ وَكَانُوا عَلَيْهِ شُهَدَاءَ فَلَا تَخْشَوُا النَّاسَ
وَاخْشَوْنِ وَلَا تَشْتَرُوا بِآيَاتِي ثَمَنًا قَلِيلًا وَمَن لَّمْ يَحْكُم
بِمَا أَنزَلَ اللَّهُ فَأُولَٰئِكَ هُمُ الْكَافِرُونَ ٤٤



തീർച്ചയായും മാർഗ്ഗനിർദ്ദേശത്തോടും പ്രകാശത്തോടും കൂടി തൗറാത്തിനെ നാം അവതരിപ്പിച്ചിരിക്കുന്നു. സ്വയം സമർപ്പിച്ച പ്രവാചകന്മാർ അതനുസരിച്ചായിരുന്നു യഹൂദർക്കിടയിൽ തീർപ്പ് കല്പിച്ചത്. പരീശന്മാരും പാതിരിമാരും അപ്രകാരം പ്രവർത്തിച്ചിരുന്നു [സൂറാ 5 (അൽമാഇദ) : 44] “അസ്ലംതു” എന്ന പദത്തിന് ദൈവത്തിന് കീഴ്പെടുകയാണെന്ന് ജലാലൈനി വ്യാഖ്യാനിക്കുന്നു.

“ഇസ്ലാം.” ക്രിസ്ത്യാനികൾക്കും ബാധകമാക്കാമെന്ന് ഖുർ ആൻ തെളിയിക്കുന്നു:

فَلَمَّا أَحَسَّ عِيسَىٰ مِنْهُمُ
الْكُفْرَ قَالَ مَنْ أَنصَارِي إِلَى اللَّهِ قَالَ الْحَوَارِيُّونَ نَحْنُ
أَنصَارُ اللَّهِ آمَنَّا بِاللَّهِ وَاشْهَدْ بِأَنَّا مُسْلِمُونَ ٥٢

എന്നാൽ അവരുടെ അവിശ്വാസം കണ്ടപ്പോൾ യേശു പറഞ്ഞു: ദൈവത്തിലേക്ക് എന്ന സഹായിക്കാനാരുണ്ട്? അപ്പോസ്തലന്മാർ പറഞ്ഞു: ഞങ്ങളുണ്ട് ദൈവത്തിൻെറ സഹായികളായി. ഞങ്ങൾ ദൈവത്തിൽ വിശ്വസിക്കുകയും ഞങ്ങൾ മുസ്ലീംകളാണെന്ന് നിന്നോട് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു....” [സൂറാ 3 (ആലുംഇറാൻ) : 52].

ക്രിസ്തുവിൻെറ പ്രബോധനത്തിൻെറ തുടക്കത്തിൽ തന്നെ അദ്ദേഹത്തെ പിന്തുടർന്നിരുന്ന പന്ത്രണ്ടു ശിഷ്യന്മാരാണിവിടെ പരാമർശിക്കപ്പെട്ടത്. അതായത് മുഹമ്മദീയ കാലഘട്ടത്തിനും അനേകം നൂറ്റാണ്ടുകൾക്ക് മുമ്പായിരുന്നു ഇത്. എന്നിട്ടും ഖുർ-ആൻ അവരെ വിളിക്കുന്നത് “മുസ്ലീംകൾ” എന്നാണ്.

ഖുർ ആൻ പറയുന്നു:

شرع لكم من الدين ما وصى به نوحا والذى أوحينا
إليك وما وصينا به إبراهيم وموسى وعيسى أن أقيموا الدين
ولا تتفرقوا فيه كبر على المشركين ما تدعوهم إليه الله
يجتبى إليه من يشاء ويهدى إليه من ينيب ١٣

നൂഹിന് ഏല്പിച്ചതും നിനക്ക് അവതരിപ്പിച്ച് തന്നതും ഇബ്രാഹീമിനും ഈസക്കും മൂസക്കും ഏല്പിച്ചു കൊടുത്തതുമായ അതേ മതം തന്നെയാണ് അവൻ നിങ്ങൾക്കും നിശ്ചയിച്ചിട്ടുള്ളത്: മതപ്രകാരം വർത്തിക്കുകയും ഭിന്നിക്കാതിരിക്കുകയും ചെയ്യുക." [സൂറ 42 (ശൂറ) : 13].

അപ്പോൾ, ഈ സൂക്തപ്രകാരം, തൗറാത്തും ഇഞ്ചീലും മുറുകെപ്പിടിച്ചുകൊണ്ട് മോശെയിലും യേശുവിലും വിശ്വസിക്കുന്നതും ഇസ്ലാം തന്നെയാണ്. മറ്റൊരിടത്ത് ഖുർ ആൻ ജനങ്ങളോട് മോശെയുടെയും യേശുവിൻെറയും അബ്രാഹാമിൻെറയും മതത്തെ സ്ഥിരീകരിക്കാൻ ശുപാർശ ചെയ്യുന്നു.

قولوا ءامنا بالله وما
أنزل إلينا وما أنزل إلى إبراهيم وإسماعيل وإسحاق ويعقوب
والأسباط وما أوتى موسى وعيسى وما أوتى النبيون
من ربهم لا نفرق بين أحد منهم ونحن له مسلمون ١٣٦

"നീ പറയുക. ഞങ്ങൾ ദൈവത്തിൽ വിശ്വസിക്കുകയും, ഞങ്ങൾക്കും ഇബ്രാഹീമിനും ഇസ്മാഈലിനും ഇസ്ഹാഖിനും യഅഖൂബിനും സന്താനങ്ങൾക്കും മൂസയ്ക്കും ഈസയ്ക്കും അവരുടെ രക്ഷിതാവിൻെറ പ്രവാചകന്മാർക്കും ഇറക്കിക്കൊടുത്തതിലും വിശ്വസിക്കുകയും ചെയ്യുന്നു. ഞങ്ങൾ അവർക്കി



ടയിൽ യാതൊരു വ്യത്യാസവും കാണിക്കുന്നില്ല. അവന്നാണ് ഞങ്ങൾ കീഴ്പ്പെടുന്നത്."

[സൂറ 2 (അൽബഖ്റ) : 136]

أولئك الذين هدى الله فبهداهم اقتده قل لا
أسألكم عليه أجرا إن هو إلا ذكرى للعالمين ٩٠

അവരാണ് നാം ഗ്രന്ഥവും വിധി അധികാരവും പ്രവാചകത്വവും നല്കിയിട്ടുള്ളവർ. അതിനാൽ ഇവർ അതിൽ അവിശ്വസിക്കുന്നുവെങ്കിൽ അതിൽ വിശ്വസിക്കുന്ന ഒരു ജനതയ്ക്ക് നാം മുമ്പ് തന്നെ അത് നല്കി കഴിഞ്ഞു. ദൈവം നയിച്ചവരാണവർ. അതിനാൽ അവരെ പിൻപറ്റുക" [സൂറ. 6 (അൽ അൻഅം) : 89-90)

يا أيها الذين ءامنوا كونوا
أنصار الله كما قال عيسى ابن مريم للحواريين من أنصارى إلى الله
قال الحواريون نحن أنصار الله فـآمنت طائفة من بنى إسرائيل
وكفرت طائفة فأيدنا الذين ءامنوا على عدوهم فأصبحوا ظاهرين ١٤

"അങ്ങനെ ഒരു വിഭാഗം ഇസ്രായീൽ സന്തതികൾ വിശ്വസിക്കുകയും മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. തങ്ങളെ ശത്രുക്കളിൽ നിന്ന് വിരുദ്ധമായി വിശ്വസിച്ചവരെ നാം ശക്തിപ്പെടുത്തുകയും അവർ ജേതാക്കളായി തീരുകയും ചെയ്തു." [സൂറ 61 (അസ്സഫ്ഫ്) : 14].

മോശെയെ പിന്തുടർന്നു യഹൂദരെയും പിന്നീട് ക്രിസ്തുവിൽ വിശ്വസിച്ചിവരെയും "മുസ്ലീംകൾ" എന്ന് വിളിച്ചുകൊണ്ട് ഖുർ-ആൻ അംഗീകരിച്ചിരിക്കുന്നു എന്നതാണ് ഇവിടെ പ്രധാന വിഷയം. അവരുടെ അനുഭവങ്ങളെ മാർഗ്ഗ ദർശനമാക്കാനും മതപരമായ സംശയങ്ങളെ ദൂരീകരിക്കാൻ അവരോട്

അന്വേഷിക്കാനും ഖുർ-ആൻ മുഹമ്മദിനോട് നിർദ്ദേശിക്കുന്നു.

فَإِن كُنتَ فِي شَكٍّ مِّمَّآ أَنزَلْنَآ إِلَيْكَ
فَسْـَٔلِ ٱلَّذِينَ يَقْرَءُونَ ٱلْكِتَٰبَ مِن قَبْلِكَ ۚ لَقَدْ جَآءَكَ
ٱلْحَقُّ مِن رَّبِّكَ فَلَا تَكُونَنَّ مِنَ ٱلْمُمْتَرِينَ ٩٤

"നിനക്ക് നാം ഇറക്കിത്തന്നതിൽ നിനക്ക് സംശയമാണെങ്കിൽ നിനക്ക് മുമ്പുള്ള ഗ്രന്ഥം പാരായണം ചെയ്യുന്നവരോട് ചോദിക്കുക. നിന്റെ നാഥനിൽ നിന്നാണ് നിനക്ക് സത്യം വന്നിരിക്കുന്നത്. അതിനാൽ സംശയാലുക്കളിൽ പെടാതിരിക്കുക" [സൂറ 10 (യൂനുസ്) : 94].

*പ്രിയ സുഹൃത്തേ,*

ഇസ്ലാം മാത്രമാണ് ദൈവം തിരഞ്ഞെടുത്ത മതമെന്ന് വാദിക്കാൻ താങ്കൾ ഖുർ-ആൻ ഉദ്ധരിച്ചിരിക്കുന്നു. വാസ്തവത്തിൽ ഖുർ-ആൻ തന്നെ സുവിശേഷത്തെ ഉയർത്തിക്കാട്ടുന്ന സത്യം താങ്കൾ വിസ്മരിക്കുന്നു. നോക്കുക:

وَلْيَحْكُمْ أَهْلُ ٱلْإِنجِيلِ بِمَآ أَنزَلَ ٱللَّهُ فِيهِ ۚ وَمَن لَّمْ يَحْكُم
بِمَآ أَنزَلَ ٱللَّهُ فَأُو۟لَٰٓئِكَ هُمُ ٱلْفَٰسِقُونَ ٤٧

അതിനാൽ ഇഞ്ചീലിന്റെ അനുയായികൾ തങ്ങൾക്ക് ദൈവം ഇറക്കി കൊടുത്തതിനുള്ളതനുസരിച്ച് വിധിക്കട്ടെ. ദൈവം അവതരിപ്പിച്ചതനുസരിച്ച് വിധിക്കാത്തവർ ആര് തന്നെയുണ്ടോ, അവർ ദൈവനിഷേധികളത്രെ. [സൂറ 5 (അൽമഇദ): 47]. ഇക്കാര്യം തന്നെ സൂറ : 4 (നിസാഅ്) 136- ലും പ്രഖ്യാപിക്കുന്നുണ്ട്.

ഒരുപക്ഷെ അവസാനത്തെ രണ്ട് ഖുർ ആൻ വാക്യങ്ങൾ ഇഞ്ചീലിലുള്ള ദൈവത്തിന്റെ നടപടികളോട് താങ്കൾക്കുള്ള നിലപാട് പുനഃപരിശോധിക്കാൻ താങ്കളെ പ്രേരിപ്പിക്കാതിരി



ക്കില്ല. ഇഞ്ചീലിലെ തത്വങ്ങൾ അംഗീകരിക്കാനാണത് താങ്കളെ പ്രേരിപ്പിക്കുക. അതിൽ പ്രധാനം യേശുക്രിസ്തുവിലുള്ള വിശ്വാസമാണ്. യേശുക്രിസ്തു പ്രഖ്യാപിച്ചു: "ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹന്നാൻ 14:6). "ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹന്നാൻ 11:26). "എന്റെ പിതാവു സകലവും എങ്കൽ ഭരമേല്പിച്ചിരിക്കുന്നു; പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തിക്കൊടുപ്പാൻ ഇച്ഛിക്കുന്നവനും അല്ലാതെ ആരും അറിയുന്നതുമില്ല. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും." (മത്താ. 11:26-28).

തീർച്ചയായും ദൈവത്തിന്റെ പ്രിയപ്പെട്ട ഇഞ്ചീലിൽ നിന്ന് പ്രവഹിക്കുന്ന മതത്തേക്കാളും ഉത്തമമായ ഒരു മതം ഉണ്ടായിട്ടില്ല. ഭൂമിയിലേക്കയക്കപ്പെട്ട ഒരു കത്തല്ല പ്രത്യുത, ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ സ്നേഹത്തെ പ്രഖ്യാപിക്കാനും കരുണയാൽ ലോകത്തെ രക്ഷിക്കാനും വേണ്ടി തക്കസമയത്ത് തന്നെ അവതരിപ്പിച്ച ദിവ്യ വ്യക്തിത്വത്തിന്റെ അന്തസത്തയാണ് ഇഞ്ചീൽ. അതിനെപ്പറ്റി ഇഞ്ചീൽ ഇപ്രകാരം പറയുന്നു:

"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായത് ഒന്നും അവനെക്കൂടാതെ ഉളവായതല്ല. അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. ഇരുളോ അതിനെ പിടിച്ചടക്കിയില്ല." "ദൈവം അയച്ചിട്ടു ഒരു മനുഷ്യൻ വന്നു; അവന്നു യോഹന്നാൻ എന്നു പേർ. അവൻ സാക്ഷ്യത്തിനായി, താൻ മുഖാന്തരം എല്ലാവരും വി

ശ്വസിക്കേണ്ടതിനു വെളിച്ചത്തെക്കുറിച്ചും സാക്ഷ്യം പറവാൻ തന്നേ വന്നു. അവൻ വെളിച്ചം ആയിരുന്നില്ല; വെളിച്ചത്തിനു സാക്ഷ്യം പറയേണ്ടുന്നവനത്രേ. ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു. അവൻ ലോകത്തിൽ ഉണ്ടായിരുന്നു; ലോകം അവൻ മുഖാന്തരം ഉളവായി; ലോകമോ അവനെ അറിഞ്ഞില്ല. അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല. അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്. വചനം ജഡമായി തീർന്നു; കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു. യോഹന്നാൻ അവനെക്കുറിച്ചു സാക്ഷീകരിച്ചു; "എന്റെ പിന്നാലെ വരുന്നവൻ എനിക്കു മുമ്പനായി തീർന്നു; അവൻ എനിക്കു മുമ്പെ ഉണ്ടായിരുന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നേ എന്നു വിളിച്ചു പറഞ്ഞു. അവന്റെ നിറവിൽ നിന്നു നമുക്ക് എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു. ന്യായപ്രമാണം മോശെ മുഖാന്തിരം ലഭിച്ചു. കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു" (യോഹന്നാൻ 1:1-18).

വിശ്വാസത്തിന്റെ പടയാളിയായ പൗലോസ് പറഞ്ഞു: "അതുപോലെ നാമും ശിശുക്കൾ ആയിരുന്നപ്പോൾ ലോകത്തിന്റെ ആദി പാഠങ്ങളിൻ കീഴ് അടിമപ്പെട്ടിരുന്നു. എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻ കീഴ് ജനിച്ചവനായി നിയോഗിച്ചയച്ചതു അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലയ്ക്ക് വാങ്ങീട്ടു നാം പുത്രത്വം പ്രാപിക്കേണ്ടതിനു തന്നേ" (ഗലാത്യർ 4 : 3-5).



ക്രിസ്തു മാർഗ്ഗം മോചനത്തിന്റെ മാർഗ്ഗമാണ്. അതിനെ കൂടാതെ നാം ഇപ്പോഴും പാപഭാരത്തിൻ കീഴിലും ലോകത്തിൽ ആശയില്ലാതെയും നരകാഗ്നിയിൽ വിധിക്കപ്പെട്ടവരായും കഴിഞ്ഞ് കൂടേണ്ടിവരും. എന്നാൽ കൃപാ ധനനായ ദൈവം ക്രിസ്തുവിന്റെ ബലി മരണത്തിലൂടെ മനുഷ്യന്റെ രക്ഷയ്ക്കുള്ള മാർഗ്ഗം ഒരുക്കി. അതിൽക്കൂടെ ദൈവം തന്റെ അത്ഭുതാവഹവും നിസ്സീമവുമായ സ്നേഹം തെളിയിച്ചിരിക്കുന്നു. ക്രിസ്തു ഈ സ്നേഹത്തെ ഇപ്രകാരം പ്രകടിപ്പിച്ചു: "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16).

ബുദ്ധമതം പറയുന്നു: "നന്മയും ധർമ്മവുമാണ് ഏറ്റവും വലിയ നന്മയായ 'നിർവാണ'ത്തിലേയ്ക്ക് നയിക്കുന്ന പാത." ജൂത മതം പറയുന്നു: "മോശെ ന്യായപ്രമാണത്തിന്റെ നീതിയെപ്പറ്റി എഴുതുന്നു; അത് പാലിക്കുന്നവൻ അതിനാൽ ജീവിക്കും. ഇസ്ലാം മതം പറയുന്നു: ആ ദിവസം സത്യമാണ് തൂങ്ങപ്പെടുന്നത്. ആരുടെ തൂക്കമാണോ കൂടുതൽ ഭാരമുള്ളത് അവർ വിജയികളാണ്."

ഈ പ്രസ്താവനകളൊക്കെ മഹത്താണ്. പക്ഷേ, അവ മനുഷ്യനു ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ ചെയ്യാനാണ് പ്രേരിപ്പിക്കുന്നത്. തളർവാതരോഗിയോട് നടക്കാൻ പറയുന്നതുപോലെയോ മരിച്ചവനോട് ജീവിക്കാൻ പറയുന്നതുപോലെയോ ആണത്!

നീതി അഥവാ ധർമ്മത്തെപ്പറ്റി ദാവീദ് രാജാവ് (പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ) പറയുന്നു: "ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാണ്മാൻ യഹോവ സ്വർഗ്ഗത്തിൽ നിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ ചെയ്യുന്നവനില്ല; ഒരുത്തൻപോലുമില്ല."

(സങ്കീ. 14 : 2-3)

ന്യായപ്രമാണത്തെ സൂക്ഷിക്കുന്നതിനെപ്പറ്റിയാണെങ്കിൽ, പ്രഥമവും പ്രധാനവുമായ കല്പന ഇതാണ്: "നിൻെറ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം." രണ്ടാമത്തെ കല്പനയോ: "കൂട്ടുകാരെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം" (ലൂക്കോസ് 10 : 27).

ഒരു വ്യക്തിക്കും നിയമത്തെ പ്രായോഗികമാക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് അനുഭവം. ഇക്കാരണത്താൽ നിയമം പാലിക്കാൻ ശ്രമിച്ചവരൊക്കെ ശാപത്തിന് വിധേയരായി. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "എന്നാൽ ന്യായപ്രമാണത്തിൻെറ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവരും ശാപത്തിൻ കീഴാകുന്നു; ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നതു ഒക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനില്ക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നുവല്ലോ" (ഗലാത്യർ 3 :10). നമ്മുടെ പ്രവർത്തനങ്ങളുടെ തൂക്കത്തെപ്പറ്റി ദൈവം തൻെറ ദാസനായ ദാവീദ് മുഖാന്തിരം ഇപ്രകാരം പറഞ്ഞിരിക്കുന്നു: "സാമാന്യജനം ഒരു ശ്വാസവും ശ്രേഷ്ഠ ജനം ഭോഷ്കുമത്രെ; തുലാസിൻെറ തട്ടിൽ അവർ പൊങ്ങിപ്പോകും; അവർ ആക്പാടെ ഒരു ശ്വാസത്തേക്കാൾ ലഘുവാകുന്നു." (സങ്കീർത്തനങ്ങൾ 62 : 9)

പ്രവാചകനായ യെശയ്യാവു പറഞ്ഞു: "ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയിത്തീർന്നു; ഞങ്ങളുടെ നീതിപ്രവർത്തികൾ ഒക്കെയും കറപുരണ്ട തുണിപോലെ; ഞങ്ങൾ എല്ലാവരും ഇലപോലെ വാടിപ്പോകുന്നു; ഞങ്ങളുടെ അകൃത്യങ്ങൾ ഞങ്ങളെ കാറ്റുപോലെ പറപ്പിച്ചു കളയുന്നു.

(യെശയ്യാവു 64 : 6)

അപ്പോസ്തലനായ പൗലോസ് പറഞ്ഞു: "നീതിമാൻ ആരുമില്ല. ഒരുത്തൻപോലുമില്ല. ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു. നന്മ ചെയ്യുന്നവനില്ല, ഒരുത്തൻ പോലുമില്ല" (റോമർ 3: 11 - 12).



ന്യായപ്രമാണം പരിശുദ്ധവും അതിൻെറ ആശയങ്ങൾ പാവനവും ഉത്തമവുമാണെങ്കിലും. പാപം ചെയ്തവന്ന് പൂർണ്ണമായ മോക്ഷം നല്കാൻ അതിനു കഴികയില്ല. ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാത്തതിനെ (സാധിപ്പാൻ) ദൈവം തൻെറ പുത്രനെ പാപജഡത്തിൻെറ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു. പാപത്തിനു ജഡത്തിൽ ശിക്ഷ വിധിച്ചു. ജഡത്തെയല്ല ആത്മാവിനെ അത്രേ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിൻെറ നീതി നിവൃത്തിയാകേണ്ടതിനു തന്നേ"

(റോമർ 8 : 3-4).

ഇതാണ് ക്രൈസ്‌വത വിശ്വാസത്തിൻെറ സവിശേഷത. അത് മനുഷ്യൻെറ മോചനത്തിൻെറയും രക്ഷയുടെയും മാർഗ്ഗമാണ്. കാരണം മനുഷ്യൻ ക്രിസ്തുവിൻെറ കുരിശിന്മേലുള്ള ത്യാഗമരണത്തോട് പ്രതികരിക്കുമ്പോൾ ദൈവം കൃപയുടെ അടിസ്ഥാനത്തിൽ മനുഷ്യനുമായി ബന്ധപ്പെടുന്നു.

നിയമത്തിന് അവനെ പാപത്തിൻെറയും മരണത്തിൻെറയും ശക്തിയിൽ നിന്ന് വിമുക്തനാക്കാൻ കഴിയാതിരുന്നപ്പോൾ, അവനെ രക്ഷിച്ച് ശുദ്ധീകരിച്ച് ദൈവരാജ്യത്തിന് കൊള്ളുന്നവനാക്കാൻ കഴിയാതിരുന്നപ്പോൾ സ്വർഗ്ഗത്തിൽ നിന്നും കർത്താവായ ക്രിസ്തു മാനുഷിക ജഢരക്തങ്ങൾ സ്വീകരിച്ച് മനുഷ്യാവതാരം ചെയ്കയും മനുഷ്യൻെറ പാപത്തിന് പകരമായി സ്വയം ബലിയർപ്പിക്കുകയും പാപത്തെ നശിപ്പിക്കുകയും മനുഷ്യൻെറ മേലുള്ള അതിൻെറ അധികാരത്തെ തകർക്കുകയും ചെയ്തിരിക്കുന്നു. ഈ മോചന പ്രവൃത്തിയിലൂടെ നമുക്കുവേണ്ടി ന്യായപ്രമാണത്തിൻെറ അവകാശങ്ങളെയും പ്രവാചകവചനങ്ങളെയും പൂർത്തീകരിക്കുകയും ചെയ്തു. "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരി

ക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവൻെറ മേൽ ആയി; അവൻെറ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു; നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരിക്കുന്നു; നാം ഓരോരുത്തനും താന്താൻെറ വഴിക്കു തിരിഞ്ഞിരിക്കുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവൻെറ മേൽ ചുമത്തി" (യെശയ്യാവ് 53 : 4-6).

സ്നേഹിതാ, താങ്കൾക്കു മോചനമെന്ന ആശയം അംഗീകരിക്കാൻ പ്രയാസമുണ്ടായിരിക്കും; കാരണം അത് മുസ്ലീംകൾ കുറ്റകരമായി കാണുന്ന ക്രിസ്തുവിൻെറ കുരിശിന്മേലുള്ള ലജ്ജാകരമായ മരണത്തെ ആശ്രയിച്ചാണിരിക്കുന്നത്. എന്നാൽ, ക്രിസ്തുവിൻെറ കുരിശ് മരണത്തിനുള്ള തെളിവുകൾ അനേകവും അനിഷേധ്യവുമത്രെ. അവ ഞാനൊരു ചെറു പുസ്തകത്തിൽ (കുരിശ് സുവിശേഷത്തിലും ഖുർ-ആനിലും) സമാഹരിച്ചിരിക്കുന്നു. അതാവശ്യപ്പെട്ടാൽ താങ്കൾക്കു ലഭിക്കുന്നതുമാണ്.

ഇഞ്ചീലിലുള്ള വിശ്വാസത്തിൻെറ സവിശേഷതകളിൽ പെട്ടതാണ് ഏത് തലമുറയ്ക്കും കാലഘട്ടത്തിനും ജനതയ്ക്കും ഭാഷയ്ക്കും രാഷ്ട്രത്തിനും അനുയോജ്യമായ അതിൻെറ മഹത്തായ സാമൂഹ്യ വിധികൾ. അവ ക്രിസ്തു അവതരിപ്പിച്ച "സുവർണ്ണ ഭരണത്തിന്മേൽ അടിസ്ഥാനമിട്ടതാണ്. യേശു പറഞ്ഞു: മനുഷ്യൻ നിങ്ങൾക്കും ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കും ചെയ്‌വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതുതന്നേ" (മത്തായി 7:12).

ഈ ഭരണം സങ്കുചിതമായ സ്വാർത്ഥതാവിദ്വേഷം, പ്രതികാരം, ഗൂഡാലോചന, വഞ്ചന, ചതി എന്നിവ നിരോധിക്കുകയും മനുഷ്യവർഗ്ഗത്തിൻെറ ഐക്യവും മനുഷ്യർക്കിടയിലെ സമത്വവും സ്ഥാപിക്കുകയും പരസ്പരം ക്ഷേമം അന്വേഷിക്കണമെന്ന് കല്പിക്കുകയും ചെയ്യുന്നു.

ഇതൊരു ഹ്രസ്വമായ വാഴ്ചയാണെങ്കിലും സംഘട്ടനവും



യുദ്ധവും ഇല്ലാതാക്കി ഈ ലോകത്തെ ആനന്ദത്തിൻെറ സ്വർഗ്ഗമാക്കി മാറ്റുന്നു. കാരണം ഇതിലാണ് ന്യായപ്രമാണത്തിൻെറയും പ്രവാചകന്മാരുടെയും സത്തയുള്ളത്. അതിൻെറ ലക്ഷ്യം പരസ്പര സ്നേഹം ഊട്ടിവളർത്തുകയാണ്.

വാസ്തവത്തിൽ ഈ മഹത്തായ നിയമം "നിൻെറ കൂട്ടുകാരനെ നിന്നെപ്പോലെത്തന്നെ സ്നേഹിക്കണം" എന്ന കല്പന എങ്ങനെ പൂർത്തീകരിക്കാമെന്ന് നമ്മെ പഠിപ്പിക്കുന്നു. അപ്പൊസ്തലനായ പൗലോസ് ഈ കല്പനയെ ഇപ്രകാരം വ്യാഖ്യാനിച്ചിരിക്കുന്നു: "അന്യോന്യം സ്നേഹിക്കുന്നത് അല്ലാതെ ആരോടും ഒന്നും കടമ്പെട്ടിരിക്കരുത്; അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ. വ്യഭിചാരം ചെയ്യരുത്, കൊല ചെയ്യരുത്, മോഷ്ടിക്കരുത്, മോഹിക്കരുത് എന്നുള്ളതും മറ്റു ഏതു കല്പനയും കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്ക എന്ന വചനത്തിൽ സംക്ഷേപിച്ചിരിക്കുന്നു. സ്നേഹം കൂട്ടുകാരനു ദോഷം പ്രവർത്തിക്കുന്നില്ല; ആകയാൽ സ്നേഹം ന്യായപ്രമാണത്തിൻെറ നിവൃത്തി തന്നേ" (റോമർ 13 : 8-10).

സ്നേഹത്തിൻെറ ഔന്നത്യം പ്രാപിക്കേണ്ടതിന്നായി, അതിനെ തടയുന്ന സ്വാധീന ശക്തികളെ തൻെറ അനുഗാമികളുടെ ഹൃദയങ്ങളിൽ നിന്നും നീക്കം ചെയ്യുന്നതിനായി ക്രിസ്തു ഇപ്രകാരം പറഞ്ഞു: "ഞാനോ നിങ്ങളോടു പറയുന്നു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രന്മാരായി തീരേണ്ടതിനുതന്നേ; അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തൻെറ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലോ. നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്കു എന്തു പ്രതിഫലം? ചുങ്കക്കാരും അങ്ങനെ തന്നേ ചെയ്യുന്നില്ലയോ? സഹോദരന്മാരെ മാത്രം വന്ദനം ചെയ്താൽ നിങ്ങൾ എന്തു വിശേഷം ചെയ്യുന്നു? ജാതികളും അങ്ങനെതന്നേ ചെയ്യുന്നില്ലയോ? ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവു സൽഗുണപൂർണ്ണൻ

ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുകിവിൻ" (മത്തായി 5 : 44-48).

ഈ തത്വങ്ങൾ അവയുടെ ആഴത്തിലും വ്യാപ്തിയിലും സ്വാർത്ഥത അടിസ്ഥാനമായുള്ള സ്വാഭാവിക സ്നേഹത്തിൻെറയും സ്വാഭാവിക പരോപകാരത്തിൻെറയും മേലിൽ അവർക്കുള്ള മേന്മ പ്രകടിപ്പിക്കുന്നു. അതിനാൽ ക്രിസ്തു നമ്മോടാവശ്യപ്പെട്ടത് മറുഭാഗത്തുനിന്ന് ഒന്നും പ്രതീക്ഷിക്കാതെ സ്നേഹത്തിനുവേണ്ടി തന്നെ സ്നേഹിക്കണമെന്നും മറ്റുള്ളവരുടെ നന്മ അതിനുവേണ്ടി തന്നെ കാംക്ഷിക്കണമെന്നും നീതിയും നന്മയും പ്രവർത്തിക്കേണ്ടത് അവർക്കുവേണ്ടി തന്നെയായിരിക്കണമെന്നുമാണ്.

ക്രിസ്തുവിൻെറ അപ്പോസ്തലന്മാർ തങ്ങളുടെ യജമാനൻെറ സ്നേഹസംബന്ധമായ അദ്ധ്യാപനത്തെ വിശദീകരിച്ചിട്ടുണ്ട്.

## 1. അപ്പോസ്തലനായ യോഹന്നാൻ

"പ്രിയമുള്ളവരേ, പുതിയൊരു കല്പനയല്ല ആദിമുതൽ നിങ്ങൾക്കുള്ള പഴയ കല്പനയത്രേ ഞാൻ നിങ്ങൾക്ക് എഴുതുന്നത്. ആ പഴയ കല്പന നിങ്ങൾ കേട്ട വചനം തന്നേ. പുതിയൊരു കല്പന ഞാൻ നിങ്ങൾക്ക് എഴുതുന്നു എന്നും പറയാം. അതു അവനിലും നിങ്ങളിലും സത്യമായിരിക്കുന്നു; ഇരുട്ടു നീങ്ങിപ്പോകുന്നു; സത്യവെളിച്ചം ഇതാ പ്രകാശിക്കുന്നു. വെളിച്ചത്തിൽ ഇരിക്കുന്നു എന്നു പറകയും സഹോദരനെ പകയ്ക്കയും ചെയ്യുന്നവൻ ഇന്നെയോളം ഇരുട്ടിൽ ഇരിക്കുന്നു. സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു; ഇടർച്ചയ്ക്ക് അവനിൽ കാരണമില്ല. സഹോദരനെ പകെക്കുന്നവനോ ഇരുട്ടിൽ ഇരിക്കുന്നു; ഇരുട്ടിൽ നടക്കയും ചെയ്യുന്നു. ഇരുട്ടു അവൻെറ കണ്ണു കുരുടാക്കുകയാൽ എവിടേക്കു പോകുന്നു എന്നു അവൻ അറിയുന്നില്ല" (1 യോഹന്നാൻ 2 : 7-11).



"പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽനിന്നു വരുന്നു. സ്നഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു. ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നേ. ദൈവം തൻെറ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിനു ലോകത്തിലേക്കു അയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി. നാം ദൈവത്തെ സ്നേഹിച്ചതല്ല അവൻ നമ്മെ സ്നേഹിച്ചു തൻെറ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതുതന്നെ സാക്ഷാൽ സ്നേഹം ആകുന്നു. പ്രിയമുള്ളവരേ, ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു; അവൻെറ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു. നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്നു അവൻ തൻെറ ആത്മാവിനെ തന്നതിനാൽ നാം അറിയുന്നു. പിതാവു പുത്രനെ ലോകരക്ഷിതാവായിട്ടു അയച്ചിരിക്കുന്നു എന്നു ഞങ്ങൾ കണ്ടു സാക്ഷ്യം പറയുന്നു. യേശു ദൈവപുത്രൻ എന്നു സ്വീകരിക്കുന്നവനിൽ ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു. ഇങ്ങനെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നേ; ദൈവം അവനിലും വസിക്കുന്നു. ന്യായവിധിദിവസത്തിൽ നമുക്കു ധൈര്യം ഉണ്ടാകുവാൻ തക്കവണ്ണം ഇതിനാൽ സ്നേഹം നമ്മോടു തികഞ്ഞുമിരിക്കുന്നു. അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ഇരിക്കുന്നു. സ്നേഹത്തിൽ ഭയമില്ല; ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കി കളയുന്നു. ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല. അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു. ഞാൻ ദൈവത്തെ

സ്നേഹിക്കുന്നു എന്നു പറകയും തൻെറ സഹോദരനെ പകെക്കയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെ സ്നേഹിക്കണം എന്നീ കല്പന നമുക്കു അവങ്കൽ നിന്ന് ലഭിച്ചിരിക്കുന്നു"

(1 യോഹന്നാൻ 4 : 7-21)

## 2. അപ്പോസ്തലനായ പത്രോസ്

"എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സഹോദരപ്രീതിക്കായി നിർമ്മലീകരിച്ചിരിക്കകൊണ്ടു ഹൃദയപൂർവ്വം അന്യോന്യം ഉറ്റു സ്നേഹിപ്പിൻ" (1 പത്രോസ് 1 : 22). "എന്നാൽ എല്ലാറ്റിൻെറയും അവസാനം സമീപിച്ചിരിക്കുന്നു; ആകയാൽ പ്രാർത്ഥനയ്ക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ. സകലത്തിനും മുമ്പെ തമ്മിൽ ഉറ്റ സ്നേഹം ഉളവായിരിപ്പിൻ. സകലത്തിനും മുമ്പെ തമ്മിൽ ഉറ്റ സ്നേഹം ഉള്ളവരായിരിപ്പിൻ" (1 പത്രോസ് 4 : 7-8). "തന്നിമിത്തം തന്നേ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു നിങ്ങളുടെ നിശ്വാസത്തോടു വീര്യവും വീര്യത്തോട് പരിജ്ഞാനവും പരിജ്ഞാനത്തോടു ഇന്ദ്രിയജയവും ഇന്ദ്രിയജയത്തോടു സ്ഥിരതയും സ്ഥിരതയോടു ഭക്തിയും ഭക്തിയോടു സഹോദരപ്രീതിയും സഹോദരപ്രീതിയോടു സ്നേഹവും കൂട്ടിക്കൊൾവിൻ. ഇവ നിങ്ങൾക്കുണ്ടായി വർദ്ധിക്കുന്നു എങ്കിൽ നിങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ പരിഞ്ജാനം സംബന്ധിച്ച് ഉത്സാഹമില്ലാത്തവരും നഷ്ഫലന്മാരും ആയിരിക്കയില്ല" (2 പത്രോസ് 1:5-8).

## 3. അപ്പോസ്തലനായ പൗലോസ്

"എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ" (കൊലോസ്യർ 3 : 14).

"ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ



സംസാരിച്ചാലും എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ. എനിക്കു പ്രവചനവും ഗ്രഹിച്ചാലും മലകളെ നീക്കുവാൻ തക്ക വിശ്വാസം ഉണ്ടായാലും സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല. എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എൻെറ ശരീരം ചുടുവാൻ ഏല്പിച്ചാലും, സ്നേഹം ഇല്ല എങ്കിൽ എനിക്കു ഒരു പ്രയോജനവും ഇല്ല. സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കുന്നില്ല; സ്നേഹം നിഗളിക്കുന്നില്ല; ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല; സ്വാർത്ഥം അന്വേഷിക്കുന്നില്ല; ദ്വേഷ്യപ്പെടുന്നില്ല; ദോഷം കണക്കിടുന്നില്ല; അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു; എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു.

സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ല. പ്രവചനവരമോ, അത് നീങ്ങിപ്പോകും; ഭാഷാവരമോ അത് നിന്നുപോകും; ജ്ഞാനമോ, അത് നീങ്ങിപ്പോകും. അംശമായി മാത്രം നാം അറിയുന്നു; അംശമായി മാത്രം പ്രവചിക്കുന്നു; പൂർണ്ണമായത് വരുമ്പോഴോ അംശമായതു നീങ്ങിപ്പോകും. ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു, ശിശുവിനെപ്പോലെ ചിന്തിച്ചു, ശിശുവിനെപ്പോലെ നിരൂപിച്ചു, പുരുഷനായ ശേഷമോ ഞാൻ ശിശുവിനുള്ളത് ത്യജിച്ചു കളഞ്ഞു. ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോൾ മുഖാമുഖമായി കാണും; ഇപ്പോൾ ഞാൻ അംശമായി അറിയുന്നു; അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെതന്നേ അറിയും, ആകയാൽ വിശ്വാസം പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനില്ക്കുന്നു; ഇവയിൽ വലിയതോ സ്നേഹം തന്നേ" (1 കൊരിന്ത്യർ 13 : 1-12).

ഇതാണ് ശരിയായ ക്രിസ്തുമാർഗ്ഗം. മോചനത്തിൻെറ മാർഗ്ഗമാണത്. ആവശ്യമെങ്കിൽ ദിവസവും ഏഴു എഴുപത് തവണ തെറ്റുകൾ ക്ഷമിക്കുന്ന മാർഗ്ഗമാണിത്.

ക്രിസ്തുവിൻെറ രക്തത്താൽ ശ്രേഷ്ഠമാക്കപ്പെട്ട ക്രിസ്തീയ മാർഗ്ഗം ലോക മതങ്ങളിൽ വേറിട്ട് തന്നെ നില്ക്കുന്നു. ക്രിസ്തുവിൻെറ രക്തം" ഹാബേലിൻെറ രക്തത്തേക്കാൾ മേന്മയേറിയ കാര്യങ്ങൾ സംസാരിക്കുന്നു" കാരണം ഹാബേലിൻേറത് പ്രതികാരത്തിനായി ദൈവത്തോട് നിലവിളിച്ചപ്പോൾ ക്രിസ്തുവിൻേറത് തൻെറ കൊലയാളികൾക്കുവേണ്ടി ദൈവത്തോട് ക്ഷമ യാചിക്കുകയായിരുന്നു.

കുരിശിൽ കിടന്നുകൊണ്ട് യേശു ഇപ്രകാരം പ്രാർത്ഥിച്ചതായി നാം വായിക്കുന്നു: "എന്നാൽ യേശു: പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ടു ഇവരോട് ക്ഷമിക്കേണമേ എന്നു പറഞ്ഞു"

(ലൂക്കോസ് 23 : 24)

* * * * *



ഭാഗം - 2

## ചോദ്യങ്ങൾ

*എല്ലാ കാലത്തേക്കും ദേശത്തേക്കും അനുയോജ്യമായ അന്തിമ സന്ദേശമാണ് ഇസ്ലാം. എന്നാൽ ക്രിസ്തു മാർഗ്ഗം ഭക്തിയിലും, സന്യാസ ജീവിതത്തിലും ഒതുങ്ങി നിൽക്കുന്നു. അത് താങ്കളെ ഖുർ-ആനിനും നിങ്ങൾ സുവിശേഷമെന്ന് പറയുന്നതിനുമിടയിൽ ഒരു താരതമ്യം നടത്താൻ പ്രേരിപ്പിക്കുന്നില്ലേ?*

*ഖുർ-ആനിനെ ദൈവത്തിൻെറ വചനമായിട്ടാണ് ഞങ്ങൾ കാണുന്നത്. എന്നാൽ സുവിശേഷമെന്നത് പൗലോസ്, യോഹന്നാൻ മുതലായ മനുഷ്യരുടെ വചനങ്ങളല്ലേ?*

*അവസാനമായി താങ്കളെ നേർവഴിയിലേക്കു നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.... കാരണം അത്തരം അസംബന്ധങ്ങൾക്കു മനുഷ്യ ശ്രദ്ധയിൽ നിന്ന് രക്ഷപ്പെടാനാവില്ല! മുസ്ലീംകളുടെ കൂട്ടത്തിൽ നിന്നും ഒരാളെ പിടിക്കാൻ താങ്കൾ പല തവണ ശ്രമിച്ച് പരാജയപ്പെട്ടിരിക്കുന്നു. എന്നാൽ, ധാരാളം ക്രിസ്ത്യാനികൾ ഇസ്ലാം സ്വീകരിച്ചിട്ടുമുണ്ട്.*

ഏ.ഏ.ഏ. സഊദി അറേബ്യ

താങ്കളുടെ കത്തിൽ താങ്കൾക്ക് മതത്തോടുള്ള അമിതാവേശം പ്രകടമാണ്. ഇതൊരു യുവാവിന് എന്തുകൊണ്ടും നല്ലതുതന്നെ; മുസ്ലീമും ക്രിസ്ത്യാനിയും തമ്മിലുള്ള സംഭാഷണത്തിൻെറ അതിർവരമ്പുകൾ മറികടക്കരുതെന്ന് മാത്രം.

وَلَا تُجَٰدِلُوٓا۟ أَهْلَ ٱلْكِتَٰبِ إِلَّا بِٱلَّتِى هِىَ أَحْسَنُ إِلَّا
ٱلَّذِينَ ظَلَمُوا۟ مِنْهُمْ ۖ وَقُولُوٓا۟ ءَامَنَّا بِٱلَّذِىٓ أُنزِلَ إِلَيْنَا وَأُنزِلَ
إِلَيْكُمْ وَإِلَٰهُنَا وَإِلَٰهُكُمْ وَٰحِدٌ وَنَحْنُ لَهُۥ مُسْلِمُونَ ٤٦

"ഏറ്റവും സൗമ്യമായ നിലയിലല്ലാതെ വേദക്കാരുമായി സംവാദം നടത്തരുത്" [സൂറ 29 (അൽആൻകബൂത്ത്) : 46] എന്ന ഖുർആനിക നിർദ്ദേശത്തെ ലംഘിച്ചുകൊണ്ട് "വേദക്കാരുടെ" വിശ്വാസങ്ങളെ താങ്കൾ ഇപ്രകാരം വെല്ലുവിളിക്കുന്നത് നിമിത്തമാണിത് പറയുന്നത്.

സുവിശേഷം സൃഷ്ടിക്കുന്ന ദർശനത്തെ താങ്കൾക്ക് ആസ്വദിക്കാനാവാത്തത് താങ്കളെ ഒരു മൂലയിൽ അകറ്റി നിർത്തിയിട്ടുള്ള അത്യാവേശം തന്നെയാണ്. ഞങ്ങൾ അയച്ചു തന്ന ആത്മീയ ലഘുലേഖകളെയും മറ്റും കെട്ടുകഥകളായി തള്ളിക്കളയാൻ താങ്കളെ പ്രേരിപ്പിച്ച അവസ്ഥയും ഇതുതന്നെ.

ഇസ്ലാമാണ് അന്തിമ സന്ദേശമെന്ന പ്രസ്താവനയുടെ കാര്യത്തിൽ താങ്കളുമായൊരു വാഗ്വാദത്തിൽ ഏർപ്പെടാൻ ഞാനാഗ്രഹിക്കുന്നില്ല. പക്ഷേ, ഒരു വസ്തുതയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കാൻ സ്നേഹപൂർവ്വം ഞാനാഗ്രഹിക്കുന്നു. ക്രിസ്തുമാർഗ്ഗമുൾപ്പെടെ സകല മതങ്ങളെയും വെല്ലുന്ന മതമാണ് ഇസ്ലാമെന്ന് താങ്കൾ വാദിക്കുമ്പോൾ തൗറാത്തിനെയും ഇഞ്ചീലിനെയും ശരിവെക്കുന്ന ഖുർ ആനിക പാഠങ്ങളെ താങ്കളുടെ അഞ്ജമൂലം നിഷേധിക്കുകയാണ് ചെയ്യുന്നത്.

ഒരുപക്ഷേ ഈ തിരസ്ക്കരണ ആശയം താങ്കൾക്ക് ലഭിച്ചത് മാവിയ മുഹമ്മദ് തഖീയദ്ദീനുൽ കാശാനി എന്ന പേർഷ്യൻ ഗ്രന്ഥകർത്താവിൻെറ *"മതശ്രോതസ്സുകളന്വേഷിക്കുന്നവർക്കുള്ള മാർഗ്ഗ ദർശനം"* എന്ന പുസ്തകത്തിൽ നിന്നായിരിക്കാം. മുഹമ്മദ് ഈ കാലഘട്ടത്തിൻെറ പ്രവാചകനാണെന്നും അദ്ദേഹത്തിൻെറ മതം മുൻ പ്രവാചകന്മാരുടെ മതങ്ങളുടെ പ്രസക്തി ഇല്ലാതാക്കുന്നുവെന്നും അദ്ദേഹം പ്രസ്താവിച്ചിരുന്നു.

തൗറാത്തിനെയും ഇഞ്ചീലിനെയും മറികടക്കാനാണ് ഖുർ-ആൻ വന്നതെന്ന് അതിലൊരിടത്തും പറയുന്നില്ല; പ്രവാചക പാരമ്പര്യത്തിലും അങ്ങനെയൊരു പരാമർശം ഇല്ല. അതി



നാൽ താങ്കളുടെ അവകാശവാദം പരിഹാസ്യവും ദുർബലവുമാണ്. അടിസ്ഥാന രഹിതമായ ഈ പ്രസ്താവനയുടെ മുഖ്യ ലക്ഷ്യം മതഭ്രാന്തിൻെറ വിഷം കുത്തിവെയ്ക്കുകയാണ്.

ദുർബലപ്പെടുത്തൽ ഖുർ-ആനിന് മാത്രമാണ് ബാധകമാവുകയെന്ന് എല്ലാവർക്കുമറിയാം. താഴെ കൊടുക്കുന്ന രണ്ട് വാക്യങ്ങൾ നോക്കുക.

مَا نَنسَخْ مِنْ ءَايَةٍ أَوْ نُنسِهَا نَأْتِ بِخَيْرٍ مِّنْهَآ أَوْ مِثْلِهَآ ۗ
أَلَمْ تَعْلَمْ أَنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ١٠٦

"നാം ദുർബലപ്പെടുത്തുകയോ മറപ്പിക്കുകയോ ചെയ്യുന്ന ഏത് സൂക്തത്തിനും പകരമായി കൂടുതൽ മെച്ചപ്പെട്ടതോ സമാനമായതോ നാം കൊണ്ടുവരുന്നു.

[സൂറ 2 (അൽബഖറ) : 106].

وَمَآ أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ وَلَا نَبِىٍّ إِلَّآ إِذَا تَمَنَّىٰٓ
أَلْقَى ٱلشَّيْطَٰنُ فِىٓ أُمْنِيَّتِهِۦ فَيَنسَخُ ٱللَّهُ مَا يُلْقِى ٱلشَّيْطَٰنُ
ثُمَّ يُحْكِمُ ٱللَّهُ ءَايَٰتِهِۦ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ٥٢

"പ്രവാചകൻ നിനയ്ക്കുമ്പോൾ പിശാച് അവൻെറ ചിന്തയിലേക്ക് കടന്ന് വരാത്ത ഒരു ദൂതനെയും പ്രവാചകനേയും നാം അയച്ചിട്ടില്ല. എന്നാൽ പിശാച് തോന്നിക്കുന്ന വിചിത്ര ഭാവനയെ ദൈവം നശിപ്പിക്കുകയും പിന്നീട് ദൈവം തൻെറ അടയാളങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. തീർച്ചയായും ദൈവം സർവ്വജ്ഞനും ബുദ്ധിമാനുമത്രെ. [സൂറ. 22 (അൽഹജ്ജ്) : 52].

ഈ രണ്ട് പാഠങ്ങളും ഖുർ-ആൻ വന്നത് വിശുദ്ധ ബൈബിളിനെ ദുർബ്ബലപ്പെടുത്താനല്ല, ഖുർ ആനിലെ തന്നെ ചില വാക്യങ്ങളെ ഖുർ-ആൻ കൊണ്ട് ദുർബലപ്പെടുത്താനാണെന്ന് വ്യക്തമാക്കുന്നു. ഈ സൂക്തങ്ങളെ സംബന്ധിച്ച് സമഗ്രമായ വിശദീകരണം പണ്ഡിതനായ അൽ-ബൈദാവി നമുക്ക് നല്കുന്നു. 'നജ്മ്' സൂറയിലെ ചില സൂക്തങ്ങൾ എപ്രകാരം ദുർബലമാക്കപ്പെട്ടിരുന്നു എന്നും അദ്ദേഹം വിശദീകരിക്കുന്നു. താല്പര്യമെങ്കിൽ താങ്കൾക്ക് ഈ വ്യാഖ്യാനങ്ങൾ പരിശോധിക്കാവുന്നതാണ്.

യഹ്യ, ജലാലുദീൻ തുടങ്ങിയവരും ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇബ്നു ഇസ്ഹാഖിനുശേഷം ഇബ്നുഹിശാം "പ്രവാചകചരിത്രം" എന്ന പുസ്തകത്തിൽ ഇവ സൂചിപ്പിക്കുന്നുണ്ട്. മറ്റൊരു ഗ്രന്ഥകർത്താവായ ത്വബ്രിയും ഈ വിഷയം വിശദമായി ചർച്ച ചെയ്യുന്നുണ്ട്.

ഇബ്നു അബ്ബാസിനെ അടിസ്ഥാനമാക്കിക്കൊണ്ട് ഇബ്നു ഹാതിം വിവരിക്കുന്നു: പ്രവാചകന് രാത്രി ഇറങ്ങിയ വാക്യങ്ങൾ അടുത്ത ദിവസം വിസ്മരിച്ചിരിക്കാൻ സാധ്യതയുണ്ട്. അതുകൊണ്ടാണ് നാം മറപ്പിക്കുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുന്ന ഓരോ സൂക്തത്തിനും പകരമായി...." എന്ന സൂക്തം ഇറങ്ങിയത്.

അൽ-ബൈദാവി പറയുന്നു: മുഹമ്മദ് തൻെറ അനുയായികളോട് കല്പിക്കുകയും പിന്നീട് മനസ്സുമാറി നേരെ വിപരീതം കല്പിക്കുകയും ചെയ്യുന്നത് കാണുന്നില്ലേ എന്ന് ജൂതന്മാരോ വിഗ്രഹാരാധകരോ ആരോപിച്ചപ്പോഴാണ് ഈ സൂക്തം ഇറങ്ങിയത്.

അപ്രകാരം, ഖുർ-ആനിക പാഠങ്ങളിൽതന്നെയുള്ള മാറ്റങ്ങളെ സംബന്ധിച്ച പരീശന്മാരുടെയും മുസ്ലീംകളുടെയും സംശയങ്ങൾക്ക് മറുപടി പറയാനായിരുന്നു ഈ സൂക്തം വന്നത്.



കൂടാതെ, ജലാലൈനിയുടെ വ്യാഖ്യാനം നോക്കുക: ലാത്ത, ഉസ്സ, മൂന്നാമനായ മനാത്ത എന്നിവരെപ്പറ്റി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ എന്നു സൂക്തം [സൂറ. 53 (നജ്മ്) : 19,20] പ്രവാചകൻ ഒരു സദ്ദസ്സിൽ ഓതിക്കേൾപ്പിക്കുകയായിരുന്നു. പിശാച് പ്രവാചകനറിയാതെ അദ്ദേഹത്തിൻെറ നാവിൽ "നമുക്കുവേണ്ടി ശുപാർശ പറയുന്ന ഉന്നതങ്ങളായ സ്വർഗ്ഗീയ ജീവികളാണവ, അവർ നമുക്കുവേണ്ടി മധ്യസ്ഥം വഹിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു" എന്ന് ഇട്ട് കൊടുത്തു ഇതവരെ സന്തുഷ്ടരാക്കി. എന്നാൽ പിശാച് ഇട്ടുകൊടുത്തതിനെപ്പറ്റി ജിബ്രീൽ അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം ദുഃഖിക്കുകയും എന്നാൽ "പിശാച് ഇടുന്നതിനെ ദൈവം ഇല്ലാതാക്കുന്നു" എന്ന സൂക്തം കൊണ്ട് സ്വയം സമാധാനിക്കുകയും ചെയ്തു.

സുയൂത്വിയുടെ അഭിപ്രായത്തിൽ ദുർബ്ബലപ്പെടുത്തൽ ഈ ജനതയുടെ അതായത് ഇസ്ലാമിൻെറ പ്രത്യേകതയാണ്.

മേൽപ്പറഞ്ഞ തെളിവുകളുടെ അടിസ്ഥാനത്തിൽ, ഖുർ-ആൻ ഇഞ്ചീലിനെയോ, ഇസ്ലാം മറ്റു മതങ്ങളെയോ ദുർബലപ്പെടുത്തുന്നു എന്ന വാദം അസംബന്ധമാണെന്ന് വരുന്നു.

"സത്യത്തിൻെറ വെളിപ്പെടൽ" എന്ന തൻെറ ഗ്രന്ഥത്തിൽ അൽഹാജ്ജ് റഹ്മത്തുല്ലാ അൽഹിന്ദി പറയുന്നത് സബൂർ വന്നതോടെ തൗറാത്തും ഇഞ്ചീൽ വന്നതോടെ സബൂറും ഖുർ-ആൻ വന്നതോടെ ഇഞ്ചീലും ദുർബലമാക്കപ്പെട്ടുവെന്ന പ്രസ്താവന ഖുർ-ആനിലോ പ്രവാചക പാരമ്പര്യത്തിലോ കാണുന്നില്ല.

ഈ പണ്ഡിതൻെറ വാക്കുകൾ എത്ര വാസ്തവമാണ്. ഖുർ-ആൻ ഈ ചിന്തക്കെതിരുമാണ് [സൂറ. 42 (ശൂറ) : 13 കാണുക].

അതിനാൽ, സുഹൃത്തേ, ഇസ്ലാമിനെത്തന്നെയാണ് താങ്കൾ ആക്രമിക്കുന്നത്. ഖുർആനിലുള്ളത് വിശ്വസിക്കാൻ ബാ

ധ്യസ്ഥനായ ഒരു മുസ്ലിമിനെങ്ങനെ അത്തരമൊരു പ്രസ്താവന ചെയ്യാൻ കഴിയുമെന്ന് താങ്കൾ പറഞ്ഞു തരുമോ? ഗ്രന്ഥക്കാരുടെ തത്വങ്ങളെ മാർഗ്ഗദർശനമാക്കിയെടുക്കണമെന്ന് ഖുർ-ആൻ അനുശാസിക്കുന്ന കാര്യം താങ്കൾ മറന്നു പോയോ? അതെ ഖുർ-ആൻ പറയുന്നു:

يُرِيدُ ٱللَّهُ لِيُبَيِّنَ لَكُمْ وَيَهْدِيَكُمْ سُنَنَ ٱلَّذِينَ
مِن قَبْلِكُمْ وَيَتُوبَ عَلَيْكُمْ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ٢٦

"നിങ്ങൾക്കു വ്യക്തമാക്കിത്തരാനും നിങ്ങൾക്കു മുമ്പുള്ളവരുടെ പാതയിൽ നയിക്കാനും നിങ്ങളിലേക്ക് തിരിയാനുമാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം സർവ്വജ്ഞനും ബുദ്ധിമാനുമത്രെ" [സൂറ 4 (അന്നിസാഅ്) : 26].

പകരമായി താങ്കൾ ചോദിക്കണം: ഞങ്ങളുടെ മതമായിരിക്കുമോ ദുർബ്ബലപ്പെട്ടത്? ഖുർ-ആൻ മുഹമ്മദിനോട് തന്നെ മുൻഗാമികളെ പിന്തുടരാൻ പറയുമ്പോൾ.

"നാം ഗ്രന്ഥവും വിധി അധികാരവും പ്രവാചകത്വവും നല്കിയവരാണവർ. അതിനാൽ ഇവർ തമ്മിൽ അവിശ്വസിക്കുന്നുവെങ്കിൽ അതിൽ അവിശ്വസിക്കാത്തവർക്ക് നാം അത് മുമ്പുതന്നേ നല്കിയിരിക്കുന്നു. ദൈവം നേർമാർഗ്ഗത്തിലാക്കിയവരെത്രെ അവർ. അതിനാൽ അവരെ പിന്തുടരുക" [സൂറ 6 (അൽഅൻആം) : 89, 90 അറബി മൂലത്തിന് 7 ാം പേജ് കാണുക].

പകരമായി താങ്കൾ ചോദിക്കണം: നമ്മുടെ പൂർവ്വികരോട് ചോദിച്ച് സംശയനിവൃത്തി വരുത്താൻ ഖുർ ആൻ മുഹമ്മദി



നോട് ആവശ്യപ്പെടുന്ന കാലത്തോളം മതമെങ്ങനെ ദുർബ്ബലപ്പെടും?

"നാം നിനക്കറിക്കിത്തന്നതിൽ സംശയമുണ്ടെങ്കിൽ നിനക്കു മുമ്പുള്ള ഗ്രന്ഥം പാരായണം ചെയ്യുന്നവരോട് ചോദിക്കുക" [സൂറ. 10 (യൂനുസ്) : 94, അറബി മൂലത്തിന് 7 ാം പേജ് കാണുക].

ഇഞ്ചീലിന്റെ വിധി സ്വീകരിക്കണം എന്ന് ഖുർ-ആൻ തന്നെ നിർദ്ദേശിക്കുന്നുണ്ടെന്നിരിക്കെ, ഞങ്ങളുടെ മതം എങ്ങനെ ദുർബലപ്പെട്ടു എന്ന് പറഞ്ഞ തരൂ. ഖുർ-ആൻ പറയുന്നു.

അതിനാൽ ഇഞ്ചീലിന്റെ അനുയായികൾ അവർക്കു ദൈവം കൊടുത്തതുകൊണ്ട് തീർപ്പ് കല്പിക്കട്ടെ. ദൈവം ഇറക്കിയതുകൊണ്ട് വിധി കല്പിക്കാത്തവൻ ആരാണെങ്കിലും ദൈവനിഷേധിയാണ്" [സൂറ 5 (അത്മാഇദ) : 47, അറബി മൂലത്തിന് 8 ാം പേജ് കാണുക].

*പ്രിയ സുഹൃത്തേ,*

ഞങ്ങളുടെ പരിശുദ്ധ ബൈബിളിന്റെ ഒരു സവിശേഷത അതിന്റെ അനേക പുസ്തകങ്ങളിലെ ഉപദേശങ്ങളിൽ തികഞ്ഞ ഐക്യവും ഒരേ ദിശയിലേക്കുള്ള നീക്കവും - മനുഷ്യപുത്രന്മാർക്ക് ദൈവം നിർദ്ദേശിക്കുന്ന ലക്ഷ്യങ്ങളുടെ പ്രഖ്യാപനമാണിത്- പ്രകടമാണ്. അതിനാൽ അതിൽ ദുർബലപ്പെടുത്തലോ ദുർബലപ്പെട്ട ഏതെങ്കിലും പാഠമോ ഇല്ല.

ദൈവത്തിന്റെ ഗ്രന്ഥം എല്ലാ തലമുറകൾക്കും കാലഘട്ടങ്ങൾക്കും വേണ്ടിയാണ്. അതുൾക്കൊള്ളുന്ന മതം എന്നെന്നും ഉണ്ടായിരുന്നതും കാലാകാലം നിലനില്ക്കുന്നതുമാണ്. "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല" (മത്തായി 24 : 35). ഖുർ ആനും ഇതിന് സാക്ഷ്യം വഹിക്കുന്നില്ലേ? "ദൈവത്തിന്റെ വചനങ്ങളെ ആർക്കും മാറ്റാൻ കഴിയില്ല" [സൂറ 6 (അൽഅം):

34] "ദൈവത്തിൻെറ വചനങ്ങൾക്ക് മാറ്റമില്ല" [സൂറ 10 (യൂനുസ്) : 64) "നാമാണ് സന്ദേശത്തെ ഇറക്കിയത് ; നാം തന്നെ അതിനെ സംരക്ഷിക്കുന്നതാണ്" [സൂറ 15 (അൽഹിജ്ർ) : 9].

ഖുർ-ആൻ വ്യക്തമായി പറയുന്നു:

وَمَآ أَرْسَلْنَا مِن قَبْلِكَ إِلَّا رِجَالًا نُّوحِىٓ إِلَيْهِمْ فَسْـَٔلُوٓا۟ أَهْلَ
ٱلذِّكْرِ إِن كُنتُمْ لَا تَعْلَمُونَ ٤٣

"നിങ്ങൾക്കറിയില്ലെങ്കിൽ വേദക്കാരോട് ചോദിക്കൂ" എന്നറിയിച്ചുകൊടുക്കാത്ത ഒരു മനുഷ്യനെയും നാം നിനക്കു മുൻപും നിയോഗിച്ചിരുന്നില്ല" [സൂറ 16 (അന്നഹൽ) : 43].

ഈ പാഠം അതിപ്രധാനമാണ് : ഖുർ ആനിനെ സത്യസന്ധമായി പിന്തുടർന്നിരുന്ന ഒരു കൂട്ടം മുസ്ലീം ഭക്തന്മാർ തങ്ങൾക്കറിഞ്ഞുകൂടാത്ത ദൈവീക കാര്യങ്ങളെപ്പറ്റി സംശയം തീർക്കാൻ വേദക്കാരെ സമീപിക്കുന്നു എന്നിരിക്കട്ടെ. "ദുർബലപ്പെടുത്തൽ" തത്വം വാദിക്കുന്ന ഒരു വിഭാഗത്തെ അവർ വഴിയിൽവെച്ചു കണ്ടുമുട്ടുന്നു. "ഞങ്ങൾക്കറിഞ്ഞുകൂടാത്ത കാര്യങ്ങൾ ചോദിച്ചറിയാൻ വേണ്ടി ഞങ്ങൾ വേദക്കാരുടെ അടുക്കൽ പോകയാണ് എന്ന് ആദ്യത്തെ വിഭാഗം പറയുമ്പോൾ മറ്റേ വിഭാഗം 'പോകരുത്' അവരുടെ ഗ്രന്ഥം ദുർബലപ്പെട്ടിരിക്കുന്നു എന്ന് മറുപടി പറഞ്ഞാൽ അത് അത്ഭുതമായി തോന്നുകയില്ലേ? സുഹൃത്തേ, താങ്കൾ ആരെയാണ് വിശ്വസിക്കുക?

തീർച്ചയായും ദുർബലപ്പെടുത്തൽ വാദം അംഗീകരിച്ചാൽ



ദൈവം തൻെറ വാഗ്ദാനം നിറവേറ്റുന്നതിൽ പരാജയപ്പെട്ടതായി സമ്മതിക്കേണ്ടിവരും.

ക്രിസ്തുമാർഗ്ഗം ഭക്തിയുടെയും സന്യാസത്തിൻെറയും മാർഗ്ഗമാണെന്ന ആരോപണത്തെ ഞാൻ ആക്ഷേപിക്കുന്നില്ല. അത് താങ്കളുടെ ക്രിസ്തുമാർഗ്ഗത്തെ സംബന്ധിച്ച അജ്ഞത മാത്രമാണ് വെളിപ്പെടുത്തുന്നത്. സന്യാസം ഇഞ്ചീലിൻെറ സത്തയല്ല; മനുഷ്യപ്രവൃത്തികളിൽ നിന്ന് വളർന്നുവന്നതാണ്. ഈ പരിമിതമായ സ്ഥലത്ത് അതിനെക്കുറിച്ച് വിശദീകരിക്കാൻ ഞാൻ അശക്തനാണ്.

ഖുർ-ആനിനോട് കൃത്യമായി ഒത്തുപോകാത്ത ചില യാഥാസ്ഥിതിക മുസ്ലീം പ്രവർത്തനങ്ങളെടുത്ത് ഞാൻ ഇസ്ലാമിനെ ആക്രമിക്കാൻ തുനിഞ്ഞാൽ താങ്കളെന്ത് പറയും? അത് ന്യായമാണോ? മറുപടി താങ്കൾക്കു വിട്ടു തരുന്നു. ഖുർ-ആൻ ദൈവത്തിൻെറ വചനമാണെന്നും സുവിശേഷമെന്നാൽ പൗലോസിൻെറയും യോഹന്നാൻെറയും വചനങ്ങളാണെന്നുമുള്ള താങ്കളുടെ പ്രസ്താവനയും ക്രിസ്തുമാർഗ്ഗത്തെ സംബന്ധിച്ചു താങ്കളുടെ പരിജ്ഞാനക്കുറവ് മാത്രമാണ് കാണിക്കുന്നത്.

ഇഞ്ചീലിൻെറ സത്ത പൗലോസിൻെറയോ, യോഹന്നാൻെറയോ കൃതിയല്ലെന്ന് ദയവായി മനസ്സിലാക്കൂ. അതുപോലെത്തന്നെ ഞങ്ങളുടെ സുവിശേഷം അക്ഷരാർത്ഥത്തിൽ ഗബ്രിയേൽ കൊണ്ടുവന്ന് മനുഷ്യന് എഴുതിവെച്ചതല്ല. എന്നാൽ, ദൈവം സ്നേഹമാണെന്ന് പ്രഖ്യാപിക്കാൻവേണ്ടി കാലത്തിൻെറ പക്വതയിൽ ഒരു ദിവ്യ വ്യക്തിയാണ് മനുഷ്യനായിത്തീർന്നത്. സർവ്വോപരി, ഈ ജഡധാരണം ചെയ്ത സ്നേഹം മുഖാന്തരം അദ്ദേഹം കൃപയാൽ ലോകത്തെ വീണ്ടെടുക്കുകയെന്ന വിമോചനത്തെ സാക്ഷാത്കരിക്കുകയായിരുന്നു.


ചില ക്രിസ്ത്യാനികൾ ഇസ്ലാം സ്വീകരിച്ചിട്ടുണ്ടെന്നത്

ഇസ്ലാം ക്രിസ്തുമാർഗ്ഗത്തേക്കാൾ ഉത്തമമാണെന്നതിന് തെളിവായി ഉദ്ധരിക്കുന്ന താങ്കളോടൊന്ന് ചോദിക്കട്ടെ. ആയിരക്കണക്കിന് മുസ്ലീങ്ങൾ നിരീശ്വരത്വത്തിലധിഷ്ഠിതമായ കമ്യൂണിസ്റ്റ് പ്രമാണം സ്വീകരിക്കുന്നതിനെപ്പറ്റി താങ്കളുടെ അഭിപ്രായമെന്താണ്? പതിനായിരക്കണക്കിന് ഇന്തൊനേഷ്യൻ മുസ്ലീംകൾ ക്രിസ്തുമാർഗ്ഗം സ്വീകരിച്ചതിനെപ്പറ്റി താങ്കളെന്ത് പറയുന്നു?

ഒരു നല്ല പ്രതികരണം താങ്കളിൽനിന്ന് പ്രതീക്ഷിച്ചുകൊണ്ട് ദൈവത്തിന്റെ എല്ലാ നന്മയും സമാധാനവും താങ്കൾക്കുണ്ടാവട്ടെയെന്ന് ഞാൻ പ്രത്യാശിക്കുന്നു. താങ്കളുടെ സ്നേഹം വളരട്ടെയെന്ന് ഞാൻ താങ്കൾക്കായി പ്രത്യേകം പ്രാർത്ഥിക്കുന്നു. ഒരുപക്ഷേ, ഈ സ്നേഹം താങ്കളുടെ ഭാഗത്ത് കൂടുതൽ സ്വീകാര്യതയും ആനുകൂല്യവും ഉളവാക്കിയേക്കാം. സ്നേഹം താങ്കളെ ഞങ്ങളുടെ സത്യത്തെ കൂടുതൽ ബുദ്ധിപരമായി അന്വേഷിക്കാൻ പ്രാപ്തനാക്കിയേക്കാം. താങ്കൾ "എല്ലാറ്റിനെയും പരിശോധിക്കുകയും നല്ലതിനെ മുറുകെ പിടിക്കുക"യും ചെയ്യുക.

* * * * *





طوبى